പ്രദർശിപ്പിക്കുകയോ പ്രദർശിപ്പിക്കുന്നതിനിടയാക്കിത്തീർക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ചിത്രമോ അച്ചടിച്ചതോ എഴുതപ്പെട്ടതോ ആയ ഏതെങ്കിലും പ്രമാണമോ വിതരണം ചെയ്യുകയോ വിതരണം ചെയ്യുന്നതിനിടയാക്കുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ പ്രചാരത്തിൽ കൊണ്ടുവരികയോ; അല്ലെങ്കിൽ

(ബി) തികച്ചും അസഭ്യമായതോ അശ്ലീലമായതോ ഭീഷണിപ്പെടുത്തി പണം ഈടാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടോ ഏതെങ്കിലും ചിത്രമോ ഏതെങ്കിലും അച്ചടിച്ചതോ എഴുതപ്പെട്ടതോ ആയ പ്രമാണമോ വിൽക്കുകയോ വാടകയ്ക്ക് നൽകപ്പെടുമെന്നോ അല്ലെങ്കിൽ വിൽക്കുന്നതിനോ വാടകയ്ക്ക് നൽകുന്നതിനോ ഉള്ള ഉദ്ദേശ്യത്തോടെ നിർമ്മിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ അയാളുടെ കൈവശത്തിൽ ഉണ്ടായിരിക്കുകയോ; അല്ലെങ്കിൽ

(സി) തികച്ചും അസഭ്യമായതോ അശ്ലീലമായതോ ഭീഷണിപ്പെടുത്തി പണം ഈടാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഏതെങ്കിലും ചിത്രമോ അച്ചടിച്ചതോ രേഖാമൂലമുള്ളതോ ആയ ഏതെങ്കിലും പ്രമാണമോ, അങ്ങനെയുള്ള ചിത്രമോ പ്രമാണമോ അച്ചടിക്കപ്പെടുമെന്നോ വിൽക്കപ്പെടുമെന്നോ വാടകയ്ക്ക് നൽകപ്പെടുമെന്നോ വിതരണം ചെയ്യപ്പെടുമെന്നോ പരസ്യമായി പ്രദർശിപ്പിക്കപ്പെടുമെന്നോ ഏതെങ്കിലും വിധത്തിൽ പ്രചാരത്തിൽ കൊണ്ടുവരുമെന്നോ അറിഞ്ഞുകൊണ്ട് അല്ലെങ്കിൽ അങ്ങനെ വിശ്വസിക്കാൻ കാരണമുണ്ടായിരിക്കെ, കൈമാറ്റം ചെയ്യുകയോ; അല്ലെങ്കിൽ

(ഡി) അങ്ങനെയുള്ള ഏതെങ്കിലും വർത്തമാനപത്രം, ആനുകാലിക പ്രസിദ്ധീകരണം, പരിപത്രം, ചിത്രം അല്ലെങ്കിൽ മറ്റ് അച്ചടിച്ചതോ എഴുതപ്പെട്ടതോ ആയ പ്രമാണം അച്ചടിക്കുകയോ പ്രദർശിപ്പിക്കുകയോ വിതരണം ചെയ്യുകയോ പ്രചരിപ്പിക്കുകയോ വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ നിർമ്മിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ സൂക്ഷിക്കുകയോ കൈമാറ്റം ചെയ്യുകയോ വില കൊടുത്ത് വാങ്ങിക്കുകയോ ചെയ്യുമെന്ന് വ്യാപാരഘട്ടത്തിൽതന്നെ അയാൾക്ക് അറിവുള്ളതോ അങ്ങനെ വിശ്വസിക്കാനിടയുള്ളതോ ആയ ഏതെങ്കിലും വ്യാപാരത്തിൽ പങ്കെടുക്കുകയോ അതിൽനിന്നും ലാഭം നേടുകയോ ചെയ്യുകയോ; അല്ലെങ്കിൽ

(ഇ) ഈ വകുപ്പിനുകീഴിൽ കുറ്റകരമായ ഏതെങ്കിലും പ്രവൃത്തിയിൽ ഏതെങ്കിലും വ്യക്തി ഏർപ്പെട്ടിട്ടുണ്ട് അല്ലെങ്കിൽ ഏർപ്പെടുന്നതിന് തയ്യാറാണ് എന്നോ അല്ലെങ്കിൽ തികച്ചും അസഭ്യമായതോ അശ്ലീലമായതോ ഭീഷണിപ്പെടുത്തി പണം ഈടാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ അങ്ങനെയുള്ള ഏതെങ്കിലും വർത്തമാനപത്രമോ ആനുകാലിക പ്രസിദ്ധീകരണമോ പരിപത്രമോ ചിത്രമോ മറ്റ് അച്ചടിച്ചതോ എഴുതപ്പെട്ടതോ ആയ പ്രമാണമോ അയാളിൽനിന്നോ അല്ലെങ്കിൽ ഏതെങ്കിലും ആൾ മുഖാന്തിരമോ ശേഖരിക്കുമെന്ന് പരസ്യം ചെയ്യുകയോ അല്ലെങ്കിൽ ഏതുമാർഗ്ഗേനെയും അറിയിക്കുകയോ; അല്ലെങ്കിൽ

(എഫ്) ഈ വകുപ്പുപ്രകാരം കുറ്റകരമായ ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ ശ്രമിക്കുകയോ നിർദ്ദേശിക്കുകയോ;

ചെയ്താൽ, രണ്ടു വർഷംവരെ ആകാവുന്ന ഒരു കാലയളവിലേക്ക് ഏതെങ്കിലുമൊരുതരത്തിലുള്ള തടവുശിക്ഷയോ അല്ലെങ്കിൽ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്:

എന്നാൽ, ഈ വകുപ്പിൻകീഴിലുള്ള രണ്ടാമത്തേതോ അല്ലെങ്കിൽ പിന്നീടുള്ളതോ ആയ കുറ്റത്തിന് അയാൾ ആറു മാസത്തിൽ കുറയാത്തതും രണ്ടു വർഷത്തിൽ കൂടാത്തതുമായ ഒരു കാലയളവിലേക്ക് ഏതെങ്കിലുമൊരുതരത്തിലുള്ള തടവുശിക്ഷയും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വിശദീകരണം 1.—ഈ വകുപ്പിന്റെ ആവശ്യത്തിനുവേണ്ടി, "അശ്ലീലമായ" എന്ന വാക്ക്, സദാചാരത്തിനു ഹാനികരമാകുവാൻ ഇടയായേക്കാവുന്നതോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയെ ഉപദ്രവിക്കുന്നതിന് കരുതിക്കൂട്ടിയുള്ളതോ ആയ ഏതൊരു കാര്യവും ഉൾപ്പെടുത്തുന്നതായി കരുതപ്പെടുന്നതാണ്:

എന്നാൽ, സ്വഭാവത്തെ സംബന്ധിച്ചതെന്തുതന്നെയായാലും ഉത്തമ വിശ്വാസത്തോടുകൂടി,—

(i) ഒരു പബ്ലിക് സർവെന്റ് അയാളുടെ പൊതു ചുമതലകളുടെ നിർവ്വഹണത്തിൽ അല്ലെങ്കിൽ അയാളുടെ സ്വഭാവത്തെ സംബന്ധിച്ച് അയാളുടെ സ്വഭാവം ആ നിർവ്വഹണത്തിൽ പ്രത്യക്ഷപ്പെടുന്നിടത്തോളവും അതിൽ കൂടുതലല്ലാതെയും; അല്ലെങ്കിൽ

(ii) ഏതെങ്കിലും ആൾ ഏതെങ്കിലും പൊതുപ്രശ്നത്തെക്കുറിച്ചും അയാളുടെ സ്വഭാവത്തെ സംബന്ധിച്ചും, അയാളുടെ സ്വഭാവം ആ നിർവ്വഹണത്തിൽ പ്രത്യക്ഷപ്പെടുന്നിടത്തോളവും അതിൽ കൂടുതലല്ലാതെയും;

പ്രകടിപ്പിക്കുന്നതൊന്നും അശ്ലീലമല്ല.

വിശദീകരണം 2.—ഏതെങ്കിലും ആൾ ഈ വകുപ്പ് പ്രകാരം ഒരു കുറ്റം ചെയ്തിട്ടുണ്ടോ എന്ന് തീരുമാനിക്കുന്നതിൽ, കോടതി, മറ്റു സംഗതികൾക്കിടയിൽ, താഴെപ്പറയുന്ന ഹേതുക്കൾക്കുംകൂടി പരിഗണന നൽകേണ്ടതാണ്, അതായത്:—

(എ) കുറ്റം ചുമത്തപ്പെട്ട ആളിന്റെ പൊതുസ്വഭാവവും ഉചിതമായിടത്ത് അയാളുടെ ജോലിയുടെ സ്വഭാവവും ;

(ബി) തികച്ചും അസഭ്യമോ അല്ലെങ്കിൽ അശ്ലീലമോ അപകീർത്തിപര മാകാവുന്ന രഹസ്യങ്ങൾ പുറത്താക്കുമെന്ന് ഭീഷണിപ്പെടുത്തി പണം ഈടാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് എന്ന് ആരോപിക്കപ്പെടുന്ന കാര്യത്തിന്റെ പൊതുസ്വഭാവവും അതിപ്രഭാവവും;

(സി) ഈ വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുന്നതിൽ അയാളുടെ ഉദ്ദേശ്യം സംബന്ധിച്ച് പ്രതിയായ ആളോ അയാൾക്കുവേണ്ടിയോ നൽകിയതോ ആവശ്യപ്പെടുകയോ ചെയ്ത ഏതെങ്കിലും തെളിവ്.".

